പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1208

03/12/2015 ൽ മറുപടിയ്ക്ക്

# കെ. ടി. യു. ചോദ്യപ്പേപ്പർ തയ്യാറാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ (കെ. ടി. യു) ചോദ്യപേപ്പറിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിന് ഏതു തരത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള 154 കോളേജുകളിൽ നിന്ന് അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ ആയതിന്റെ ഓരോ ചോദ്യപേപ്പർ വീതം സ്കീമനുസരിച്ച് തയ്യാറാക്കി കൺട്രോളർ ഓഫ് എക്സാമിനേഷൻസിന് നൽകുകയും അതിനുശേഷം കൺട്രോളർ ഓരോ വിഷയങ്ങൾക്കും രൂപീകരിച്ചിരിക്കുന്ന അഞ്ച് അദ്ധ്യാപകർ അടങ്ങിയ ഒരു വിദഗ്ദ സമിതിക്ക് മുമ്പാകെ വിഷയം തിരിച്ച് ചോദ്യപേപ്പർ സമർപ്പിക്കുകയും ചെയ്യും. ഈ സമിതി സൂക്ഷ്മ പരിശോധന നടത്തി ഇതിൽ നിന്നും 5 ചോദ്യപേപ്പർ വീതം ഓരോ വിഷയത്തിനും തിരഞ്ഞെടുത്ത് കൺട്രോളർക്ക് സമർപ്പിക്കും. കൺട്രോളർ ഈ ചോദ്യപേപ്പറുകൾ സർവ്വകലാശാല പരീക്ഷ മാനേജ്മെന്റ് സംവിധാനത്തിലേയ്ക്ക് അപ് ലോഡ് ചെയ്ത് സൂക്ഷിക്കുന്നു. ഇതിന്റെ പൂർണ്ണ നിയന്ത്രണം പരീക്ഷാ കൺട്രോളറിൽ നിക്ഷിപ്തമാണ്. പരീക്ഷാ ദിവസം ഒരു മണിക്കൂർ മുമ്പ് പാസ് വേർഡ് സംവിധാനത്തിലൂടെ അപ്പ് ലോഡ് ചെയ്ത് സൂക്ഷിക്കുന്ന അഞ്ച് ചോദ്യപേപ്പറുകളിൽ നിന്ന് ഒരെണ്ണം തെരഞ്ഞെടുത്ത് പരീക്ഷ മാനേജ്മെന്റ് സോഫ്റ്റ്വെയറിലൂടെ അതാത് കോളേജുകളിലെ പരീക്ഷാ |

കൺട്രോൾ റൂമിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള കമ്പ്യൂട്ടറുകളിലേയ്ക്ക് അയച്ചു കൊടുക്കും. അതിൽ നിന്നും പ്രിൻസിപ്പലിന്റേയും എക്സാമിനേഷന് വേണ്ടി " ഒബ്സർവർ" ആയി കോളേജിന് പുറത്ത് നിന്ന് നിയമിക്കുന്ന അധ്യാപകന്റേയും പാസ് വേർഡ്കൾ നൽകി നിശ്ചിത എണ്ണം ചോദ്യപേപ്പറുകൾ പ്രിന്റ് ചെയ്ത് എടുക്കാം. നിശ്ചിത എണ്ണം പ്രിന്റ് ചെയ്തു കഴിഞ്ഞാൽ കമ്പ്യൂട്ടറിൽ നിന്നും ചോദ്യപേപ്പർ ഡിലീറ്റ് ചെയ്ത് പോകും.

(ബി) പരീക്ഷ നടത്തിപ്പ് ഔട്ട് സോഴ്സ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പരീക്ഷ നടത്തിപ്പിന്റെ സംവിധാനം ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിനുവേണ്ട സംവിധാനങ്ങളായ പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ, പരീക്ഷാ കൺട്രോൾ റൂമിൽ സ്ഥാപിക്കുന്ന ക്യാമറകൾ, പരീക്ഷാ മാനേജ്മെന്റ് സോഫ്റ്റ് വെയർ എന്നിവ ഓരോ പരീക്ഷാ കേന്ദ്രത്തിലും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഔട്ട് സോഴ്സ് ചെയ്തിരിക്കുന്നത്.

(സി പരീക്ഷ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ നടപടി സ്വികരിക്കുമോ;

(സി) കേരള സംസ്ഥാന ഐ. ടി മിഷന്റെ "ഈ-ടെൻഡർ" സംവിധാനം വഴി മത്സരാധിഷ്ഠിത ടെൻഡർ വഴിയാണ് ഔട്ട് സോഴ്സ് ചെയ്തു ഏജൻസിയെ കണ്ടെത്തിയത്.

(ഡി) കുത്തക software ഉദ്ദേശിച്ചുകൊണ്ടാണ് കെ. ടി. യു വിന്റെ പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും നടത്താൻ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ സ്വതന്ത്ര software അധിഷ്ഠിതമായി സംവിധാനമൊരുക്കി യിരുന്നെങ്കിൽ കൂടുതൽ സുരക്ഷിതത്വവും ലാഭവുമുണ്ടാകുമെന്നിരിക്കെ എന്തു കൊണ്ടാണ് ആയതിന് ശ്രമിക്കാ തിരുന്നത് ?

(ഡി) ഇപ്പോൾ നിലവിലുള്ള പരീക്ഷ മാനേജ്മെന്റ് സോഫ് റ്റ് വെയർ സ്വതന്ത്ര സോഫ് റ്റ് വെയർ സംവിധാനത്തിൽ പ്രവർത്തിക്കുകയില്ല. എന്നാൽ ഈ സോഫ് റ്റ് വെയർ സ്വതന്ത്ര സോഫ് റ്റ് വെയർ പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റം വരുത്തി വരികയാണ്.

സെക്ഷൻ ഓഫീസർ